(4) 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ.
(5) 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
(6) 2003-ലെ കേരള പഞ്ചായത്ത്‌രാജ് (രണ്ടാം ഭേദഗതി) ബിൽ.
(7) 2004-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ.
(8) 2005-ലെ കേരള പഞ്ചായത്ത്‌രാജ് (മൂന്നാം ഭേദഗതി) ബിൽ.

എന്നിവ സംബന്ധിച്ച സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(1) 2005-ലെ കേരള മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്‌സ് വെൽഫെയർ ഫണ്ട് (അമെൻഡ്‌മെൻറ്) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്‌സ് വെൽഫയർ ഫണ്ട് (അമെൻഡ്‌മെൻറ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

ധനകാര്യവും എക്‌സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കേരളം തൊഴിലാളിക്ഷേമ പദ്ധതികളുടെ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ഇന്ത്യയ്ക്കാകെ മാതൃക കാട്ടുന്ന സംസ്ഥാനമാണ്. നോബൽ ആദരണീയനായ ഇന്ത്യൻ പ്രസിഡൻറ് ഇവിടെ സംസാരിച്ചപ്പോഴും കേരളത്തിൻറെ ഈ പ്രത്യേകത പരാമർശിക്കുകയുണ്ടായി. അത് ന്യായമാണ്, സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ തൊഴിലാളികൾക്ക് എതിരായ കരിനിയമങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഈ സംസ്ഥാനം തന്നെയാണ് മുൻപന്തിയിൽ. അതിനു ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം കേരളത്തിലെ ചുമട്ടു തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ഗവൺമെൻറ് തയ്യാറാക്കിയിട്ടുള്ള നിയമം ആണ്. അത് തൊഴിലാളി വർഗ്ഗത്തിൻറെ ചരിത്രത്തിൽ എന്നെന്നും കറുത്ത ലിപികളിൽ രേഖപ്പെടുത്തുന്ന ഒരു നിയമമാണ്. അത്തരമൊരു സമീപനം മോട്ടോർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഉണ്ടാകുവാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് കേരളത്തിലെ ചുമട്ടു തൊഴിലാളി വർഗ്ഗത്തിൻറെ ചരിത്രത്തിൽ കളങ്കം ഉണ്ടാക്കിയ ചുമട്ടുതൊഴിലാളി നിയമത്തിൻറെ പ്രശ്നങ്ങളും ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടി വന്നത്. ആ കളങ്കം ഇനിയ് ഉണ്ടാകുവാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇവിടെ ഈ ബിൽ അവതരിപ്പിക്കുമ്പോഴും മോട്ടോർ വ്യവസായ മേഖലയിലെ എല്ലാ തൊഴിലാളികളേയും ഈ നിയമത്തിൻറെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കണമെന്നുള്ള ഒരു പൊതുകാഴ്ചപ്പാടാണ് ഉയർന്നുവരുന്നത്.

12:00 Noon] എന്നാൽ ഇപ്പോഴും ഗ്രാറ്റുവിറ്റി നിയമത്തിലും പ്രോവിഡൻറ് ഫണ്ട് നിയമത്തിലും അതിൻറെ പരിധിക്കകത്ത് വരുന്ന തൊഴിലാളികളെ ഉൾപ്പെടുത്താൻ കഴിയുന്നില്ല. അത് യഥാർത്ഥത്തിൽ മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് ആകെയുള്ള ഒരു ക്ഷേമ പദ്ധതിയുടെ യഥാർത്ഥ അവകാശം നിഷേധിക്കുന്ന നിലയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly